# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2965

07.12.2018-ലെ മറുപടി

### പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ച പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തോമസ് ചാണ്ടി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുട്ടനാട് നിയോജക മണ്ഡലത്തിലെ പതിമൂന്ന് പഞ്ചായത്തുകൾക്ക വേണ്ടി പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ച 70 കോടി രൂപയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; ഇനി എത്ര കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുവാനുണ്ട്; | (എ) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ട്രാൻസ്മിഷൻ സിസ്റ്റം 45 കിലോ മീറ്റർ സ്ഥാപിക്കേണ്ടതിൽ 44.60 കിലോ മീറ്ററും ജലവിതരണ ശൃംഖലയുടെ ഭാഗമായി 48.85 കിലോ മീറ്റർ സ്ഥാപിക്കേണ്ടതിൽ 34 കിലോ മീറ്ററും സ്ഥാപിച്ചു കഴിഞ്ഞു ബാക്കി 15.25 കിലോ മീറ്റർ പൈപ്പ് ലൈനുകൾ പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി നടത്തി വരുന്നു. |
| (ബി) | നിലവിൽ 10 പഞ്ചായത്തുകളിലെ പണി പൂർത്തിയായിരിക്കുന്ന ഓവർ ഹെഡ് ടാങ്കുകളിൽ ഈ പദ്ധതിയുടെ ഭാഗമായി ഇപ്പോൾ എത്ര ടാങ്കുകളിൽ വെള്ളം നിറയ്ക്കാൻ സാധിച്ചു;ഇതിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് പൂർത്തിയായ പ്രവൃത്തികൊണ്ട് എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമായിട്ടുണ്ട്? | (ബി) | 13-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി 70 കോടി രൂപയുടെ രണ്ട് പ്രധാന ട്രാൻസ്മിഷൻ ലൈനുകളും 48.85 കി.മി ജലവിതരണ ശൃംഖലയും തകഴിയിലെ 4.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരിണിയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽ പറഞ്ഞ പണികൾ എല്ലാം പൂർത്തീകരിച്ച് നിലവിലുള്ള ലൈനുകളുമായി കൂട്ടി ചേർത്താൽ മാത്രമേ പ്രസ്തുത ടാങ്കുകളിൽ വെള്ളം നിറച്ച് ജലവിതരണം തുടങ്ങാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ